"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻസ്) കേരള ലിമിറ്റഡ്-ഔഷധി-ചെയർമാനായിരിക്കെ അന്തരിച്ച ഡോ.കെ.ആർ വിശ്വംഭരൻ IAS(Retd) ന്റെ ചികിത്സാ ചെലവ്-ഔഷധിയുടെ സ്വന്തം ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ്(എ) വകുപ്പ്**

സ.ഉ.(സാധാ) നം.547/2022/AYUSH തീയതി,തിരുവനന്തപുരം, 04-12-2022

---

പരാമർശം:- 1. ഔഷധി മാനേജിംഗ് ഡയറക്ടറുടെ 21/07/2022 ലെ ഇ1/88/16 നമ്പർ കത്ത്.

**ഉത്തരവ്**

ഔഷധി ചെയർമാൻ പദവിയിലിരിക്കെ ആലുവയിലെ രാജഗിരി ആശുപത്രിയിൽ വച്ച് 17.09.2021 തീയതിയിൽ നിര്യാതനായ ഡോ. കെ.ആർ. വിശ്വംഭരൻ IAS (Retd) ന്റെ ചികിത്സയ്ക്കായി ചെലവായ 29,06,897/- രൂപയിൽ ഇൻഷ്വറൻസ് തുകയിനത്തിൽ ലഭിച്ച 25 ലക്ഷം രൂപയും, ഡിസ്കൗണ്ട് ആയി ലഭിച്ച 1,80,000/- രൂപയും കിഴിച്ച് ബാക്കി തുകയായ 2,26,897/-(രണ്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ഔഷധി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഔഷധി ചെയർമാനായിരിക്കെ അന്തരിച്ച ഡോ.കെ.ആർ. വിശ്വംഭരൻ IAS (Retd) ന്റെ ചികിത്സയ്ക്കായി ചെലവായ 2,26,897/-(രണ്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) ഔഷധിയുടെ സ്വന്തം ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ,ഔഷധി,തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ),കേരള,തിരുവനന്തപുരം
പൊതുഭരണ(എസ്.സി) വകുപ്പ്(ഇനം.നം.1228 തീയതി 01-12-2022)
ധനകാര്യ(PU-B) വകുപ്പ്26.08.2022 ലെ 2168400 /PU-B2/66/2022-FIN (പ്രകാരം)
വെബ് &ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക്ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Baiju G
Date: 05-12-2022 11:21:26
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.ആരോഗ്യ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-12-2022

ഫയൽ നം. എ2/213/2022/ആയുഷ്. ഇനം നം: 1228

**വിഷയം** : ആയുഷ് വകുപ്പ് - ഔഷധി ചെയർമാനായിരിക്കെ അന്തരിച്ച ഡോ. കെ. ആർ. വിശ്വംഭരൻ IAS (Retd)-ന്റെ ചികിത്സയ്ക്കായി ചെലവായ 2,26,897/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) ഔഷധിയുടെ സ്വന്തം ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകുന്നത്.

**തീരുമാനം** : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്.

1/12

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എ 2/213/2022/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | ആയുഷ് വകുപ്പ്- ഔഷധി ചെയർമാനായിക്കെ അന്തരിച്ച ഡോ. കെ.ആർ. വിശ്വംഭരൻ IAS (Retd) ന്റെ ചികിത്സയ്ക്കായി ചെലവായ 2,26,897/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) ഔഷധിയുടെ സ്വന്തം ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്ത നൽകുന്നതിന് അനുമതി -സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 10.11.2022 |
| 5.i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. വിജയകുമാർ എസ്. |
| 8. കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 21.11.2022 |
| 10.കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.11.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി വീണാ ജോർജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26.11.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 30.11.2022 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻസ്) കേരള ലിമിറ്റഡ് - ഔഷധി ചെയർമാനായിരിക്കെ അന്തരിച്ച ഡോ. കെ.ആർ. വിശ്വംഭരൻ IAS (Retd) ന്റെ ചികിത്സയ്ക്കായി ചെലവായ 2,26,897/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) ഔഷധിയുടെ സ്വന്തം ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകുന്ന വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) ഔഷധി ചെയർമാൻ പദവിയിലിരിക്കെ ആലുവയിലെ രാജഗിരി ആശുപത്രിയിൽ വച്ച് 17.09.2021 തീയതിയിൽ നിര്യാതനായ ഡോ. കെ.ആർ . വിശ്വംഭരൻ IAS (Retd) ന്റെ ചികിത്സയ്ക്കായി ചെലവായ 29,06,897/- രൂപയിൽ ഇൻഷ്വറൻസ് തുകയിനത്തിൽ ലഭിച്ച 25 ലക്ഷം രൂപയും, ഡിസ്കൗണ്ട് ആയി ലഭിച്ച 1,80,000/- രൂപയും കിഴിച്ച് ബാക്കി തുകയായ 2,26,897/-(രണ്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് ടിയാന്റെ ഭാര്യ അപേക്ഷിച്ചിരുന്നതായി ഔഷധി മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

3) ഔഷധിയുടെ നിലവിലെ അംഗീകൃത നിയമസംഹിത പ്രകാരം ചെയർമാന്റെ ചികിത്സാ ചെലവുകൾ തിരികെ അനുവദിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകളൊന്നും ഇല്ലെന്നും ആയതിനാൽ ടി വിഷയം 26.03.2022 ലെ ഔഷധി ഭരണസമിതി യോഗം പരിഗണിക്കുകയും സർക്കാരിന്റെ അനുമതി തേടാൻ തീരുമാനിച്ചതായും, ഡോ. കെ.ആർ. വിശ്വംഭരൻ IAS (Retd) ചെയർമാനായിരുന്ന കാലയളവിൽ വിറ്റുവരവിലെ വളർച്ച, വികസന പ്രവർത്തനങ്ങൾ എന്നിങ്ങനെ മിക്ക മേഖലകളിലും ഔഷധി കൈവരിച്ച പുരോഗതിയിൽ ചെയർമാൻ എന്ന നിലയിലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വലിയ സംഭാവന നൽകിയിട്ടുണ്ടെന്നും ആയതു പരിഗണിച്ച് ചികിത്സയ്ക്കായി ചെലവായ 2,26,897/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) ഔഷധിയുടെ സ്വന്തം ഫണ്ടിൽ നിന്നും തന്നെ പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുവാദം നൽകണമെന്നും ഔഷധി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

4) ടി വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെപറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി

**"ഔഷധി ചെയർമാനായി ഡോ.കെ.ആർ.വിശ്വംഭരൻ IAS -നെ നിയമിച്ചപ്പോൾ അംഗീകരിച്ച Terms & Conditions, ഔഷധിയിലെ നിലവിലെ സേവന വേതന വ്യവസ്ഥകൾ എന്നിവ പരിശോധിച്ച ചികിത്സ ചെലവുകൾ നൽകുന്ന വിഷയത്തിൽ ഉചിതമായ തീരുമാനം ഭരണവകുപ്പിന് തന്നെ കൈക്കൊള്ളാമെന്നും ചികിത്സാ ധനസഹായത്തിന് അർഹനാണെങ്കിൽ ആയതിന്റെ ബാധ്യത ഔഷധി തന്നെ ഏറ്റെടുക്കണമെന്നും അറിയിക്കുന്നു."**

5) ഔഷധി ചെയർമാനായിരിക്കെ അന്തരിച്ച ഡോ. കെ.ആർ. വിശ്വംഭരൻ IAS (Retd) ന്റെ ചികിത്സയ്ക്കായി ചെലവായ 2,26,897/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) ഔഷധിയുടെ സ്വന്തം ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകാമോയെന്ന ഉത്തരവിനായി ഫയൽ ബഹു. ആരോഗ്യവും വനിത ശിശുവികസനവും വകുപ്പ് മന്ത്രി മുഖേന ബഹു മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

### തീരുമാനിക്കേണ്ട വിഷയം

ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻസ്) കേരള ലിമിറ്റഡ് -ഔഷധി ചെയർമാനായിരിക്കെ അന്തരിച്ച ഡോ. കെ.ആർ. വിശ്വംഭരൻ IAS (Retd) ന്റെ ചികിത്സയ്ക്കായി ചെലവായ 2,26,897/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) ഔഷധിയുടെ സ്വന്തം ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകാമോ?